## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3178 18/10/2016-ൽ മറുപടിക്ക്

### വൈദ്യുതിയുടെ പ്രതിമാസ ആവശ്യവും ഉല്പാദനവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിമാസ ആവശ്യം എത്രയെന്നും, പ്രതിമാസ ഉല്പാദനം എത്രയെന്നും, പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ഇതരസംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നുവെന്നും അറിയിക്കുമോ? | (എ) | സംസ്ഥാനത്തെ 2016-17 കാലയളവിലെ നാളിതുവരെയുള്ള പ്രതിമാസ ശരാശരി വൈദ്യുതി ആവശ്യകത 2018.05 ദശലക്ഷം യൂണിറ്റാണ്. ഇക്കാലയളവിൽ കെ. എസ്.ഇ.ബി.ലിമിറ്റഡിനു കീഴിലുള്ള വിവിധ നിലയങ്ങളിൽ നിന്നും പ്രതിമാസം ശരാശരി 439.51 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും, സംസ്ഥാനത്തിനകത്തുള്ള Captive Power Plants (CPP)-ൽ നിന്നും 10.37 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും Independent Power Producers (IPP)-ൽ നിന്ന് 19.072 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിച്ചിരുന്നു. ഇവയ്ക്കു പുറമേ അധികമായി വേണ്ടി വന്ന വൈദ്യുതി ആവശ്യകത ഇതരസംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര നിലയങ്ങളിൽ നിന്നും സ്വകാര്യ വൈദ്യുത സംരംഭകരിൽ നിന്നും വാങ്ങുകയുമാണ് ചെയ്യുന്നത്. ഇത് പ്രതിമാസം ഏകദേശം 1549.43 ദശലക്ഷം യൂണിറ്റ് വരും. |

സെക്ഷൻ ഓഫീസർ